**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4852** **01-11-2021 - ൽ മറുപടിയ്ക്ക്**

**കീരനല്ലൂർ ടൂറിസം പ്രൊജക്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കീരനല്ലൂർ ടൂറിസം പ്രോജക്റ്റിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ഇല്ല. ഡെവലപ്മെന്റ് ഓഫ് കീരനല്ലൂർ പാർക്ക് ആസ് എ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന ടൂറിസം പദ്ധതിയ്ക്ക് 1.12 കോടി രൂപയുടെ ഭരണാനുമതി 22.8.2012 ൽ സർക്കാർ നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന ഏജൻസിയെ ടൂറിസം വകുപ്പ് നിയോഗിക്കുകയും 25 ലക്ഷം രൂപ അനുവദിക്കുയും ചെയ്തു. എന്നാൽ പദ്ധതി സ്ഥലം ജല സേചന വകുപ്പിന് കീഴിലായിതിനാൽ ടി സ്ഥലത്തിന്റെ ഉപയോഗാനുമതി ടൂറിസം വകുപ്പിന് ലഭിച്ചെങ്കിലും ആ സ്ഥലത്ത് നടപ്പാത മാത്രം നിർമ്മിക്കുവാനാണ് സാധിച്ചത്. ഇതനുസരിച്ച് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് നടപ്പാത , ഹാന്റ് റെയിൽ, ലാന്റ് സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെട്ട 91, 77,680 ( തൊണ്ണൂറ്റി യൊന്ന് ലക്ഷത്തി എഴുപത്തിയേഴായിരത്തി അറുന്നൂറ്റി എൻപത് രൂപ) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആ പ്രവർത്തികൾ ആരംഭിക്കുവാൻ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് നോട് നിർദ്ദേശിച്ചെങ്കിലും ടി സ്ഥാപനം പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. ഭരണാനുമതി ലഭിച്ച് 8 വർഷത്തിലധികമായിട്ടും പദ്ധതി ആരംഭിക്കാത്ത സാഹചര്യത്തിൽ, ടി പദ്ധതി 13.08.2021 ൽ സർക്കാർ റദ്ദ് ചെയ്തു. അതോടൊപ്പം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് അഡ്വാൻസായി നൽകിയ 25 ലക്ഷം രൂപയും അതിന്റെ പലിശയും തിരികെ നൽകുവാനും വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ